LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് തലത്തിൽ റവന്യൂ അദാലത്തുകൾ

3 [2141] ശ്രീ. കെ. ബാബു:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. വർക്കല കഹാർ:
„ ജോർജ് ജെ. മാത്യു:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് തലത്തിൽ റവന്യൂ അദാലത്ത് നടത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) നിശ്ചിത കാലയളവിനുള്ളിൽ എത്ര താലൂക്കുകളിൽ അദാലത്ത് നടക്കാതെയുണ്ട്;

(സി) ഈ താലൂക്കുകളിൽ അദാലത്ത് നടത്താത്തതെന്തുകൊണ്ടാണ്;

(ഡി) അദാലത്ത് നടത്താത്ത താലൂക്കുകളിൽ അത് നടത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് വ്യവസ്ഥകളൊന്നും നിശ്ചയിച്ചിട്ടില്ല.

(ബി, സി ആന്റ് ഡി) "എ" യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

തൃശ്ശൂർ ആർ.ഡി.ഒ.-ക്ക് നൽകിയ അപേക്ഷയിൽ നടപടി

4 [2142] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ താലൂക്കിൽ മുളയം വില്ലേജിൽ വലക്കാവ് എന്ന സ്ഥലത്ത് വിതയത്തിൽ വീട്ടിൽ അന്തോണി മകൻ തോമസ് 29-10-2002-ൽ തൃശ്ശൂർ ആർ.ഡി.ഒ.-ക്ക് തന്റെ ഭൂമിയുടെ മുന്നിലുള്ള ഭൂമി അതിന്റെ ഉടമ ഇടിച്ച് താഴ്ത്തിയത് കെട്ടി ബലപ്പെടുത്തിത്തരുവാൻ നിർദ്ദേശം നൽകി ഉത്തരവാകുവാൻ അപേക്ഷിച്ചിട്ടുണ്ടോ;

(ബി). എങ്കിൽ ആയതിൻമേൽ എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) നാളിതുവരെയായി നടപടികളൊന്നും കൈക്കൊണ്ടിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഒരാളുടെ വസ്തുവിനോട് ചേർന്നു കിടക്കുന്ന ഭാഗം ഇടിച്ച് താഴ്ത്തി മണ്ണ് എടുത്തുമാറ്റുമ്പോൾ ഉയർന്ന് നിൽക്കുന്ന വസ്തുവിന് നാശം വരാതെ സംരക്ഷണ ഭിത്തി കെട്ടിക്കൊടുക്കുന്നതിനുള്ള നിയമം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് ലഭ്യമാക്കുമോ?

ഉത്തരം

(എ) അപേക്ഷിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ശ്രീ. തോമസിന്റെ അപേക്ഷയിൽ തൃശ്ശൂർ തഹസിൽദാർ, മണ്ണുത്തി പോലീസ് സബ് ഇൻസ്പെക്ടർ എന്നിവർ മുഖേന അന്വേഷണം നടത്തിയിട്ടുണ്ട്. തോമസിന്റെ ഭൂമിയുടെ മുന്നിലുള്ള ഭൂമിയുടെ ഉടമ ശ്രീ. രാമചന്ദ്രൻ ഒരു പ്രാവശ്യം അതിർത്തി കെട്ടി ഉറപ്പാക്കി കൊടുത്തതാണ്. തോമസ് അതിർത്തിയിലെ വെള്ളം തിരിച്ചുവിടാത്തതുകൊണ്ടും കെട്ടിനോട് ചേർന്ന് മുരിങ്ങയും പെട്ടെന്ന് വളരുന്ന വൃക്ഷത്തൈകളും നട്ടുവളർത്തിയതുകൊണ്ടുമാണ് കരിങ്കൽകെട്ട് ഇടിഞ്ഞതെന്ന് ശ്രീ. രാമചന്ദ്രൻ പറയുന്നുവെന്നും തൃശ്ശൂർ തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. ശ്രീ. തോമസിന്റെ വീട്ടിൽ നിന്നും 8 അടിയോളം ദൂരെ മാറിയാണ് മണ്ണിടിഞ്ഞിട്ടുള്ളത്. ആയതിനാൽ പരാതിക്കാരനായ ശ്രീ. തോമസിന്റെ വീടിന് തൽക്കാലം അപകടഭീഷണിയൊന്നും ഇല്ല എന്ന് മണ്ണുത്തി പോലീസ് സബ് ഇൻസ്പെക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. ഈ കാര്യത്തിൽ തൃശ്ശൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ ആഫീസിൽ വിചാരണ നടന്നുവരികയാണ്.

(ഡി) അങ്ങനെയൊരു നിയമം നിലവിലില്ല. എന്നാൽ ആരുടേയെങ്കിലും ജീവനോ സ്വത്തിനോ ഭീഷണിയുണ്ടെന്ന് കണ്ടാൽ സി.ആർ.പി.സി. 133 പോലുള്ള വകുപ്പുകൾ പ്രകാരം സബ് ഡിവിഷണൽ മജിസ്ട്രേട്ടിന് നടപടി സ്വീകരിക്കാവുന്നതാണ്.

ഐ.എസ്.ആർ.ഒ.-ക്കുവേണ്ടി പേരൂർക്കട വില്ലേജിൽ ഏറ്റെടുക്കുന്ന ഭൂമി

5 [2143] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട വില്ലേജിൽ ഉൾപ്പെട്ട കടിയക്കോണം ഏലാ പ്രദേശത്തെ 15 ഏക്കർ സ്ഥലം ഐ.എസ്.ആർ.ഒ.-യുടെ ആവശ്യത്തിലേക്ക് ഏറ്റെടുക്കുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly